

❖ പികെയുടെ ചിത്രീകരണവേളയിൽ മുരളീധരനും അമീർഖാനും

**പാണ്ഡവരുടെ മഹാപ്രസ്ഥാനം നൽകുന്ന സന്ദേശമാണ് 'പി.കെ' എന്ന സിനിമയുടെ രാഷ്ട്രീയം. മഹാഭാരതത്തിലെ, വായിക്കാതെ വിട്ടുപോകുന്ന ഈ ഭാഗത്തിന്റെ പുനർവായനയായി അമീർഖാന്റെ ചിത്രത്തെ വിലയിരുത്താം. – പി.കെയുടെ ക്യാമറാമാനായ മലയാളി സി.കെ.മുരളീധരൻ പറയുന്നു**

# പി.കെയിലേക്ക് മഹാഭാരതത്തിലെ രാഷ്ട്രീയദർശനം

അമീർഖാൻ നായകനായ പികെ എന്ന ഹിന്ദി ചിത്രത്തിനെതിരെ ഹൈന്ദവവാദികളെന്ന് മേനി നടിക്കുന്നവർ നടത്തുന്ന പ്രതിഷേധത്തെ യാദൃച്ഛികമായ നീക്കമായി കാണാൻ കഴിയില്ല. കൃത്യമായ അജണ്ടയുടെ പിൻബലത്തിൽ തന്നെയാണ് ഇത്തരം പ്രതിഷേധങ്ങൾ ഉരുത്തിരിയുന്നത്. കഴിഞ്ഞ വർഷം കമലാഹാസന്റെ വിശ്വരൂപം എന്ന ചിത്രത്തിനെതിരെ മുസ്ലിം വർഗ്ഗീയതയുടെ വക്താക്കൾ രംഗത്ത് വന്നിരുന്നു. താലിബാനിസ്റ്റ് പ്രത്യയശാസ്ത്രത്തിൽ അഭിരമിക്കുന്ന ഒരു വിഭാഗമായിരുന്നു രംഗത്ത് വന്നത്. വ്യത്യസ്ത പ്രത്യയശാസ്ത്രത്തിന്റെ വക്താക്കളാണെങ്കിലും ഇരുവിഭാഗത്തിന്റെയും മതാന്ധതയ്ക്കും ഫാസിസ്റ്റ് മനോഭാവത്തിനും സാമ്യതകൾ ഏറെയാണ്. പലപ്പോഴും മതാന്ധതയുടെ കെട്ടുകാഴ്ചകളിൽ കുടുങ്ങി കിടക്കുന്ന ഇക്കൂട്ടർ 'കുരുടൻ ആനയെ കണ്ടത് പോലെ'യാണ് ഈ രണ്ട് സിനിമകളെയും സമീപിച്ചതെന്ന് വേണം വിലയിരുത്താൻ. എവിടെയോ ചിതറിയ ഒരു തീപ്പൊരി ഏറ്റെടുത്ത് വലിയ തീപിടുത്തമാക്കി മാറ്റാനുള്ള ബോധപൂർവ്വമായ ഇടപെടൽ രണ്ട് സിനിമകൾക്കെതിരായി ഉയർന്ന പ്രതിഷേധങ്ങളിലും അന്തർലീനമായിരുന്നു. ഹിന്ദു നാമധാരിയായ കമലാഹാസൻ മുസ്ലിം വിഷയം കൈകാര്യം ചെയ്യുന്ന സിനിമയുമായി രംഗപ്രവേശം ചെയ്തതാണ് താലിബാനിസ്റ്റുകളുടെ അസഹിഷ്ണുതയ്ക്ക് കാരണമായത്. മുസ്ലിം നാമധാരിയായ അമീർഖാൻ ആൾദൈവങ്ങളെ പരിഹസിച്ചാൽ എങ്ങനെ കൈയും കെട്ടി നോക്കിയിരിക്കുമെന്ന വികാരമാണ് ഹിന്ദു വർഗ്ഗീയവാദികളെ ഭരിക്കുന്നത്. ഒരു സിനിമയുടെ പിറവിക്ക് പിന്നിൽ ദൃശ്യവും അദൃശ്യവുമായ അനേകം വ്യക്തികളുടെ ശാരീരികവും മാനസികവുമായ കഠിനാധ്വാനം അടങ്ങിയിട്ടുണ്ട്. അനാവശ്യ പ്രതിഷേധങ്ങളുടെ പൊല്ലാപ്പുമായി രംഗത്ത് വരുന്നവർ സൃഷ്ടിപരമായ വേദനയുടെ തലത്തെ അവഗണിക്കുന്നത് കൂടി ഈയവസരത്തിൽ ചർച്ചയാകേണ്ടതുണ്ട്.

ഈയൊരു വികാരമാണ് പികെയുടെ ഛായാഗ്രാഹകനായ മലയാളി സി.കെ മുരളീധരൻ പങ്കുവയ്ക്കുന്നത്. പികെ ഇത്രയേറെ വിവാദമാകുമ്പോഴും ആ ചിത്രത്തിന്റെ പിന്നണിയിൽ ഒരു മലയാളി ഉണ്ടായിരുന്നു എന്നത് പലർക്കും അജ്ഞാതമാണ്. നേരത്തെ വിവാദമായ വിശ്വരൂപത്തിന്റെ ഛായാഗ്രാഹണം നിർവ്വഹിച്ചത് മലയാളിയായ സനു വർഗ്ഗീസായിരുന്നു. കാലിക പ്രസക്തമായ ഒരു സോഷ്യൽ സറ്റയർ എന്ന നിലയിൽ ആസ്വദിക്കപ്പെടേണ്ട പികെയ്ക്ക് പിന്നിൽ ഒരു മലയാളിയുടെ സംഭാവനകളുമുണ്ടെന്ന അഭിമാന ബോധമാണ് യഥാർ ത്ഥത്തിൽ മലയാളികൾ ആഘോഷിക്കേണ്ടിയിരുന്നത്. മലയാളി ഇനിയും തിരിച്ചറിയാത്ത പികെയെക്കുറിച്ചും അമീർഖാൻ എന്ന നടനെക്കുറിച്ചും അനുഭവത്തിന്റെ അടിസ്ഥാനത്തിലുള്ള യാഥാർ ത്ഥ്യങ്ങൾ ക്യാമറാമാൻ മുരളീധരൻ വെളിപ്പെടുത്തുന്നു.

## പുന്നത്തുറയിൽ നിന്നും

കോട്ടയം ജില്ലയിലെ ഏറ്റുമാനൂരിന് സമീപം പുന്നത്തുറയെന്ന ഗ്രാമത്തിൽ ഇടത്തരം കുടുംബത്തിൽ ജനിച്ച മുരളീധരനെ ബോളിവുഡിന്റെ അതിശയലോകത്തേക്ക് നയിച്ചത് സിനിമയോടുള്ള ആകർഷണം തന്നെയായിരുന്നു. മാന്നാനം കെ.ഇ.കോളേജിൽ നിന്ന് എസ്.എഫ്.ഐ ബാനറിൽ കേരള യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലറായി തിരഞ്ഞെടുക്കപ്പെടുമ്പോൾ (അന്ന് മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി രൂപീകൃതമായിരുന്നില്ല) സഹപാഠികൾ മുരളീധരനിൽ ശോഭനമായൊരു രാഷ്ട്രീയ ഭാവി കണ്ടിരിക്കാം.

1970കളുടെ അവസാനവും 1980കളുടെ തുടക്കവും കേരളത്തിലെ യുവാക്കൾക്കിടയിൽ സർഗ്ഗാത്മകതയുടെ വസന്തകാലമായിരുന്നു. സാഹിത്യത്തിലും കലയിലും രൂപപ്പെട്ട നവഭാവുകത്വങ്ങളെ പിൻപറ്റിയിരുന്നൊരു തലമുറയുടെ ഭാഗമായിരുന്നു മുരളീധരൻ. അതിനാൽത്തന്നെ വായനയും, നാടക പ്രവർത്തനവുമെല്ലാം ജീവിതചര്യപോലെ ശീലിച്ച യൗവ്വനമായിരുന്നു മുരളീധരന്റെയും. അന്നത്തെ തലമുറയ്ക്ക് മുന്നിൽ സാഹിത്യത്തിന്റെയും നാടകത്തിന്റെയുമെല്ലാം ലോകം വിശാലമായിരുന്നെങ്കിലും സിനിമയെന്നത് തികച്ചും അപരിചിതമായ, നവീനമായൊരു ലോകമായിരുന്നു. അതിനാൽ പുതുമയുടെ ആകർഷണം തന്നെയാണ് മുരളീധരനെയും സിനിമയുടെ ലോകത്തേക്ക് എത്തിനോക്കാൻ പ്രേരിപ്പിച്ചത്. വായനയുടെ ലോകം യൂറോപ്യൻ സിനിമകളെയും മറ്റും പരിചയപ്പെടാനുള്ള അവസരം സൃഷ്ടിച്ചതോടെ മുരളീധരന്റെ കാഴചയിലെ സിനിമാലോകം വളരെ തെളിമയുള്ളതായി മാറി.

ഗ്രാമത്തിന്റെ ദൃശ്യഭാഷ പലപ്പോഴും മനസ്സിൽ വിവിധ ആംഗിളുകളിൽ പകർത്തി ശീലിച്ച ബാല്യം മുതലേ ഇമേജുകളോട് മുരളീധരന് വല്ലാത്ത ഭ്രമമായിരുന്നു. വളരെ ചെലവേറിയ ഒരു ഹോബിയായിരുന്നു ഇടത്തരം കുടുംബത്തിലെ വിദ്യാർ ത്ഥിയെ സംബന്ധിച്ച് അന്ന് ഫോട്ടോഗ്രാഫി. അങ്ങനെയിരിക്കെയാണ് നാട്ടുകാരൻ കൂടിയായ പ്രസിദ്ധ ഛായാഗ്രാഹകൻ വേണു ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിലെ പഠനത്തിന് ശേഷം നാട്ടിൽ തിരികെയെത്തിയത്. വേണുവിന് നാട്ടിൽ കിട്ടിയ ഹീറോ പരിവേഷം മുരളീധരനും പൂനെയിലേക്ക് വണ്ടി കയറാനുള്ള പ്രചോദനമായി. പരിചയമുള്ളൊരു സുഹൃത്തിന്റെ കാമറ കടം വാങ്ങി ഫോട്ടോയെടുത്താണ് പൂനെ

ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രവേശനത്തിനായി അപേക്ഷിക്കുന്നത്. 1984ൽ പൂനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രവേശനം നേടുന്നതോടെയാണ് മുരളീധരന്റെ ജീവിതം വഴിമാറുന്നത്. 1987ലാണ് പൂനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിലെ പഠനം പൂർത്തിയാക്കുന്നത്.

## യാത്രാഭ്രമം ബോംബെയിലെത്തിച്ചു

പഠനം പൂർത്തിയാക്കിയതിന് ശേഷം മുരളീധരൻ ബോംബെയിലേക്ക് വണ്ടി കയറി. എത്ര കഴിവുണ്ടെങ്കിലും മദ്രാസികൾക്ക് ബോളിവുഡിൽ ഒരു അസ്പർശ്വതയുണ്ടെന്നത് സിനിമാലോകം അംഗീകരിച്ചിരിക്കുന്ന സത്യമാണ്. അതിനാൽത്തന്നെ എന്തിനു ബോംബെയ്ക്കു പോയി എന്ന ചോദ്യത്തിനുള്ള മുരളീധരന്റെ മറുപടി ഇങ്ങനെയായിരുന്നു. "എനിക്ക് യാത്ര വളരെ ഇഷ്ടമായിരുന്നു. ഡോക്യുമെന്ററികളോടുള്ള വല്ലാത്ത ഭ്രമവും ബോംബെ തിരഞ്ഞെടുക്കാൻ കാരണമായി. അന്ന് കേരളത്തിൽ ഡോക്യുമെന്ററികൾ വളരെ അപൂർവ്വമായിരുന്നു. ബോംബെയിൽ ഡോക്യുമെന്ററിക്കുള്ള സാധ്യത കേരളത്തെ അപേക്ഷിച്ച് കൂടുതലായിരുന്നു. മാത്രമല്ല അന്ന് ഛായാഗ്രാഹകൻ എന്ന നിലയിൽ ജോലി സാധ്യതയും വളരെ റിസ്കിയായിരുന്നു. പഠിച്ചിറങ്ങുമ്പോൾ വീട്ടുകാരെ ബുദ്ധിമുട്ടിക്കാതെ ജീവിക്കണമെന്ന നിർബന്ധവും ഉണ്ടായിരുന്നു. ഛായാഗ്രാഹകൻ എന്ന നിലയിൽ കേരളത്തിലുള്ളതിനേക്കാൾ ജോലി സാധ്യത ബോംബെയിലുണ്ടെന്നതും പരിഗണിച്ചിരുന്നു."

## കോമേഴ്സ്യൽ ചിത്രങ്ങളിൽ

ഡോക്യുമെന്ററി, പരസ്യ ചിത്രങ്ങൾ, ടെലിവിഷൻ തുടങ്ങിയ മേഖലകളിലെല്ലാം ഛായാഗ്രാഹകൻ എന്ന നിലയിലുള്ള അനുഭവ പരിചയം നേടിയതിന് ശേഷമായിരുന്നു മുരളീധരൻ കോമേഴ്സ്യൽ ബോളിവുഡ് ചിത്രങ്ങളുടെ ഭാഗമാകുന്നത്. ഏക് ചോട്ടീസി ലവ്സ്റ്റോറി ആയിരുന്നു മുരളീധരന്റെ ആദ്യ ബോളിവുഡ് ചിത്രം. തുടർന്ന് വന്ന ഏക് ഹസീന ദിയാണ് ബോളിവുഡിന്റെ ശ്രദ്ധയിലേയ്ക്ക് മുരളീധരനെ എത്തിച്ചത്. തുടർന്ന് നൈന, ലഗേ രഹോ മുന്നാഭായി, ജോണി ഗദ്ദാർ, ത്രീ ഇഡിയറ്റ്സ്. ഏജന്റ് വിനോദ് എന്നീ ചിത്രങ്ങൾക്ക് മുരളീധരൻ കാമറ ചലിപ്പിച്ചു. ഇതിൽ സഞ്ജയ് ദത്ത് നായകനായി വന്ന ലഗേ രഹോ മുന്നാഭായി ഹിന്ദി സിനിമയിലെ വമ്പൻഹിറ്റുകളിൽ ഒന്നായിരുന്നു. ചെറുപ്പക്കാർക്കിടയിൽ വൈറലായി മാറിയതും ജപ്പാൻ അടക്കമുള്ള വിദേശരാജ്യങ്ങളിൽ പോലും ഹിറ്റായതും ത്രീ ഇഡിയറ്റ്സിനെ ബോളിവുഡിലെ മികച്ച ചിത്രങ്ങളിൽ ഒന്നാക്കി മാറ്റി.

## അനുഭവത്തിലെ അമീർഖാൻ

ബോളിവുഡ് സിനിമയിലെ ആകാംക്ഷ നിറഞ്ഞൊരു രംഗത്തോട് സാമ്യമുണ്ട് അമീർഖാനും മുരളീധരനുമായുള്ള പരിചയപ്പെടലിന്. കൗതുകം നിറഞ്ഞ ആ അനുഭവം മുരളീധരന്റെ വാക്കുകളിൽ ഇങ്ങനെ ചുരുക്കി വായിക്കാം. "ഒരു ദിവസം എന്റെ ഫോണിലേക്ക് ഒരു മെസ്സേജ് വന്നു. ഞാൻ അമീർഖാൻ. ഒന്നു വിളിച്ചോട്ടെയെന്നായിരുന്നു ആ മെസേജിന്റെ ഉള്ളടക്കം. ഞാൻ തിരിച്ച് വിളിച്ചോട്ടെയെന്ന് ചോദിച്ച് ഉടനെ ഞാനൊരു മെസേജ് അയച്ചു. തിരികെ വിളിച്ചപ്പോഴാണ് തമ്മിൽ കാണണമെന്ന് അമീർഖാൻ ആവശ്യപ്പെടുന്നത്. അമീർഖാൻ നിർമ്മിച്ച് സംവിധാനം ചെയ്യുന്ന താരേ സമീൻ പർ എന്ന ചിത്രത്തിന്റെ ഛായാഗ്രാഹണം നിർവ്വഹിക്കുമോ എന്നറിയാനായിരുന്നു ആ കൂടിക്കാഴ്ച. മറ്റു ചില വർക്കുകളുടെ കമ്മിറ്റ്മെന്റ് ഉള്ളതിനാൽ അന്നെനിക്ക് ആ ചിത്രം ചെയ്യാൻ സാധിച്ചില്ല. പിന്നീട് താരേ സമീൻ പർ റിലീസായതിന് ശേഷം തിയറ്ററിൽ ആ പടം ഞാൻ കാണാൻ ഇടയായി. എന്റെ കണ്ണ് നിറയിച്ച ഒരു ചിത്രമായിരുന്നു താരേ സമീൻ പർ. ആ ചിത്രത്തിന്റെ കാമറമാനും, തിരക്കഥാകൃത്തുമെല്ലാം എന്റെ സുഹൃത്തുക്കളായിരുന്നു. ചിത്രം നന്നായിരിക്കുന്നു എന്ന് പറഞ്ഞ് അവർക്ക് എസ്.എം.എസ് അയയ്ക്കുന്നതിനൊപ്പം ഞാൻ ആമീറിനും ഒരു എസ്.എം.എസ് അയച്ചു. ഒരു സിനിമ ഇറങ്ങുന്ന സമയത്ത് സ്വഭാവികമായും ആമീർ ഖാനെപ്പോലൊരു സ്റ്റാറിന്റെ തിരക്ക് എനിക്ക് ഊഹിക്കാൻ സാധിക്കുന്നതിനാൽ ഒരു മറുപടി ഞാൻ പ്രതീക്ഷിച്ചിരുന്നില്ല. എന്നാൽ എന്നെ അമ്പരപ്പിച്ചു കൊണ്ട് നാലഞ്ച് ദിവസത്തിന് ശേഷം അഭിനന്ദനത്തിന് നന്ദി പറഞ്ഞ് കൊണ്ട് അമീറിന്റെ മറുപടി എന്നെ തേടിയെത്തി. അതെന്നെ വളരെ അതിശയിപ്പിച്ചു. അതിനും രണ്ട് വർഷത്തിന് ശേഷമാണ് ഞാൻ അദ്ദേഹത്തിനൊപ്പം ത്രീ ഇഡിയറ്റ്സ് എന്ന ചിത്രത്തിൽ പ്രവർത്തിച്ചത്. ഒരു വർഷം ഒരു സിനിമ മാത്രം എന്നതാണ് അമീർഖാന്റെ രീതി. ചെയ്യുന്ന സെറ്റിൽ വരാൻ അമീർഖാൻ കാണിക്കുന്ന കൃത്യനിഷ്ഠ പ്രത്യേകം എടുത്ത് പറയേണ്ടതാണ്. എന്തെങ്കിലും കാരണവശാൽ വൈകിപ്പോയാൽ അദ്ദേഹം സെറ്റിൽ എല്ലാവരോടും ക്ഷമപറയാൻ മടിക്കാറില്ല. സിനിമ ആഴത്തിൽ പഠിച്ചിട്ടുള്ള ഒരു നടനാണ് അമീർ. അതിനാൽത്തന്നെ തിരക്കഥയിലൊക്കെ എന്തെങ്കിലും പോരായ്മകൾ കണ്ടാൽ അത് തുറന്ന് പറയാൻ അദ്ദേഹം മടിക്കാറില്ല. അദ്ദേഹം ചൂണ്ടിക്കാണിക്കുന്ന പോരായ്മകൾ ബോധ്യപ്പെടുന്ന രീതിയിൽ പിടിവാശി കാണിക്കാതെ ബോധ്യപ്പെടുത്താനുള്ള അമീറിന്റെ കഴിവ് അപാരമാണ്."



ഹിറ്റുകളായ ത്രീ ഇഡിയറ്റ്സ്, ഏജന്റ് വിനോദ്, ലഗേ രഹോ മുന്നാഭായ് തുടങ്ങിയ ചിത്രങ്ങളുടെ ക്യാമറാമാനായിരുന്ന കോട്ടയത്തുകാരൻ സി.കെ.മുരളീധരൻ. യാദൃച്ഛികമായി വന്ന ഒരു എസ്.എം.എസ്സിലൂടെയാണ് അമീർഖാനുമായി സൗഹൃദത്തിലായത്

അമീർഖാനെന്ന നടൻ സിനിമയ്ക്ക് വേണ്ടി നിലകൊള്ളുന്ന നായകനും സ്റ്റാറുമാണെന്ന് മുരളീധരൻ അടിവരയിടുന്നു.

## വിവാദങ്ങളിലെ രാഷ്ട്രീയം

പികെയ്ക്ക് എതിരെയുള്ള പ്രതിഷേധങ്ങളിൽ കഴമ്പില്ലെന്നാണ് മുരളീധരന്റെ നിലപാട്. ഈ വിഷയത്തിലെ ഉറച്ച നിലപാട് മുരളീധരൻ വ്യക്തമാക്കുന്നുണ്ട്. "എന്താണ് വിശ്വാസം. എന്താണ് മതം, അതിന് സമൂഹത്തിലുള്ള പ്രസക്തിയെന്താണ് എന്നെല്ലാം നാം പലവട്ടം ചർച്ച ചെയ്തിട്ടുള്ളതാണ്. ഈ വിഷയങ്ങൾ ഞാനും രാജ്കുമാർ ഹിറാനിയും പലവട്ടം ചർച്ച ചെയ്തിട്ടുള്ളതാണ്. എന്താണ് വിശ്വാസം, വിശ്വാസം എവിടെ നിന്നാണ് വരുന്നത് എന്ന ചോദ്യം വളരെ നാളുകളായി രാജുവിന്റെ മനസ്സിൽ കിടക്കുന്നതാണ്. ഈയൊരു ചോദ്യം സിനിമയായി രൂപം കൊള്ളുന്നത് മുതൽ ഇതിന്റെ ചർച്ചകളിൽ ഞാൻ സജീവമായി ഇടപെട്ടിരുന്നു. ജീവിതത്തിൽ നാം പലവട്ടം ചോദിച്ചിട്ടുള്ള ചോദ്യങ്ങളുടെ സമാഹാരമാണ് പികെ എന്ന ചിത്രം. ഈ ചോദ്യങ്ങൾക്ക് ഒരു പരിഹാരം പറയാനല്ല പികെയിൽ ശ്രമിച്ചിരിക്കുന്നത്, മറിച്ച് ഈ ചോദ്യങ്ങൾ വീണ്ടും ചോദിക്കാനാണ്. ഇപ്പോൾ പികെയ്ക്കെതിരെ ഉയർന്നിരിക്കുന്ന പ്രതിഷേധങ്ങൾ വെറുതെ പ്രശ്നങ്ങൾ ഉണ്ടാക്കാനായി ചിലർ മന:പൂർവ്വം സൃഷ്ടിക്കുന്നതാണ്. ഒന്നുകിൽ പ്രതിഷേധക്കാർ ഈ സിനിമ കണ്ടിരിക്കില്ല. അല്ലെങ്കിൽ അവർക്ക് സിനിമ മനസ്സിലായിരിക്കില്ല എന്നാണ് എനിക്ക് തോന്നുന്നത്. ജീവിതത്തിലേക്ക് സ്വാംശീകരിക്കാൻ പറ്റുന്ന കുറച്ച് വിഷയങ്ങൾ പ്രതിപാദിച്ച് പോകുന്ന ഒരു സിനിമയാണ് പികെ. സിനിമയിൽ പറയുന്ന ചില ഘടകങ്ങൾ നമ്മുടെ സമൂഹത്തിലുണ്ട്. അത് നമ്മൾ തന്നെ വളർത്തിക്കൊണ്ട് വരുന്ന ഘടകങ്ങളാണ്. ഇത്തരം വിഷയങ്ങളിലെല്ലാം നമ്മൾ മാറി ചിന്തിക്കേണ്ട കാലം അതിക്രമിച്ച് കഴിഞ്ഞെന്നാണ് എനിക്ക് തോന്നുന്നത്. പണം മാത്രം ലക്ഷ്യം വച്ചായിരുന്നെങ്കിൽ അഞ്ച് വർഷം കഷ്ടപ്പെട്ട് രാജുവിന് ഇത്തരത്തിലൊരു സിനിമ ചെയ്യേണ്ട ആവശ്യം ഉണ്ടായിരുന്നില്ല."

## പികെയുടെ രാഷ്ട്രീയം

വായന അന്യവത്കരിക്കപ്പെടുന്ന കാലത്ത് സ്വന്തം വായനയിൽ നിന്ന് സാംശീകരിച്ച അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ പികെയുടെ രാഷ്ട്രീയം വായിക്കാനൊരു ശ്രമവും മുരളീധരന്റെ ഭാഗത്തു നിന്നുണ്ടായി. "ഇനി ഞാനുറങ്ങട്ടെ എന്ന നേവലിൽ ഒരു ദൃശ്യമുണ്ട്. മഹാരാരത യുദ്ധം കഴിഞ്ഞ് നദിയുടെ തീരത്തായി കുടിലുകൾ കെട്ടി കുട്ടികൾ ബലിയിടുന്നൊരു ദൃശ്യം. അതെന്നെ പലപ്പോഴും വല്ലാതെ ചിന്തിപ്പിച്ചിട്ടുണ്ട്. മഹാഭാരത യുദ്ധത്തിന് മുമ്പ് അർദ്ധരാജ്യം ചോദിച്ച് പാണ്ഡവർ കൗരവരെ സമീപിക്കുന്നുണ്ട്. എന്നാൽ സൂചികുത്താൻ പോലും ഇടം തരില്ലെന്ന കൗരവരുടെ പിടിവാശിയാണ് മഹാഭാരത യുദ്ധത്തിലേക്ക് എത്തിച്ചേരുന്നത്. യുദ്ധത്തിന് ശേഷം രാജ്യം മുഴുവൻ ലഭിക്കുമ്പോഴും തങ്ങൾക്ക് കിട്ടിയത് അർദ്ധരാജ്യമാണെന്ന് പാണ്ഡവർ തിരിച്ചറിയുന്നുണ്ട്. പുരുഷൻമാരെല്ലാം കൊല്ലപ്പെടുകയോ വികലാംഗരാകുകയോ ചെയ്തൊരു രാജ്യമാണ് പാണ്ഡവർക്ക് യുദ്ധത്തിന് ശേഷം കരഗതമായത്. വാസ്തവത്തിൽ ഇതൊരു അർദ്ധ രാജ്യമായിരുന്നു. ഈയൊരു തിരിച്ചറിവിൽ നിന്നാണ് പാണ്ഡവർ മഹാപ്രസ്ഥാനം തുടങ്ങുന്നത്. പാഞ്ചാലിയും പാണ്ഡവരും കൂടി പുറപ്പെടുമ്പോൾ തിരിഞ്ഞ് നോക്കരുതെന്ന് പറയുന്നുണ്ട്. ശാരീരികമായൊരു തിരിഞ്ഞ് നോട്ടത്തെക്കുറിച്ചല്ല ഇവിടെ സൂചിപ്പിക്കുന്നത്. ഒരു ജീവിതകാലം മുഴുവൻ നീണ്ട നിന്ന യുദ്ധത്തിലൂടെ നേടിയതെല്ലാം ഉപേക്ഷിച്ചിട്ട് നമ്മൾ ചെയ്തതെല്ലാം തെറ്റായിരുന്നു അത് ഓർമ്മിക്കുക കൂടി ചെയ്യരുതെന്ന് പറഞ്ഞ് അനന്തതയിലേക്ക് നടന്നു പോകുകയാണ് പാണ്ഡവരും പാഞ്ചാലിയും. സമാനമായൊരു രംഗം വൈക്കം മുഹമ്മദ് ബഷീറിന്റെ ഒരു നോവലിലുണ്ട്. "ഞങ്ങൾ കുറേ പടയാളികൾ യുദ്ധം കഴിഞ്ഞ് മടങ്ങിയെത്തുമ്പോൾ ഇരുട്ടത്ത് ഒരു പാത്രത്തിൽ വെള്ളമുണ്ടായിരുന്നു. ഞങ്ങളെല്ലാവരും ആ വെള്ളം എടുത്ത് കുടിച്ചു. നേരം വെളുത്തപ്പോഴാണ് അറിയുന്നത് അത് രക്തമായിരുന്നെന്ന്". വായിക്കാതെ പോയ മഹാഭാരതത്തിന്റെ അവസാന ഭാഗം നമുക്കെല്ലാമുള്ളൊരു വലിയ സന്ദേശമാണ്. വായിക്കാതെ വിട്ടുപോയ മഹാഭാരതത്തിലെ ഈയൊരു തിരിച്ചറിവിന്റെ പുനർവായന കൂടിയാണ് പികെ. പികെ വിലയിരുത്തപ്പേടേണ്ടത് തീർച്ചയായും വായിക്കപ്പെടേണ്ട ഒരു പുസ്തകം എന്ന നിലയിലാണ്."

(സി.കെ.മുരളീധരനുമായി ദിപിൻ മാനന്തവാടി നടത്തിയ സ്ഭാഷണത്തിൽ നിന്നും തയ്യാറാക്കിയത്. സി.കെ. മുരളീധരന്റെ വെബ്സൈറ്റ് www.muraleedharanck.com)